# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1845 | 07.03.2017-ലെ മറുപടിക്ക്

## ഭരണപരിഷ്കാരം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തോമസ് ചാണ്ടി | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
| --- | --- | --- | --- |
| (എ) | പൊതുജനങ്ങൾ നൽകുന്ന അപേക്ഷകളിൻമേൽ സമയബന്ധിതമായി തീർപ്പ കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ കല്പിക്കുന്നതിനായി 30.3.1985, 16.7.2015, 15.8.2015 എന്നീ തീയതികളിലെ സർക്കുലറുകൾ പ്രകാരം വിവിധ നിർദ്ദേശങ്ങളും നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>അപേക്ഷകൾ/ പരാതികൾ/ നിവേദനങ്ങൾ എന്നിവയ്ക്ക് ഒരാഴ്ചയ്ക്കകം കൈപ്പറ്റ് രസീത് നൽകുവാനും അപേക്ഷ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഒരു മാസത്തിനുള്ളിലും അന്തിമ തീർപ്പ് മൂന്ന് മാസത്തിനുള്ളിലും അപേക്ഷകന് നൽകണമെന്നും നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അധ്യക്ഷന്മാർ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും കർശന നിർദ്ദേശം എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് തലവൻമാർക്കും ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. പഞ്ചദിന ചട്ടം, സേവനാവകാശം, വിവരാവകാശം, ഇ- |

| | | | |
|---|---|---|---|
| | | | ഓഫീസ് സംവിധാനം, പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടെയും കർശനമായ പരിശോധന, ഫയലുകളുടെ പ്രതിമാസ പ്രവർത്തന അവലോകനം, ഓരോ വകുപ്പിലും, സെക്ഷനുകളിലും സീറ്റുകളിലും ജോലിഭാരം മൂലം ഫയൽ കെട്ടികിടക്കുന്നതിന്കാരണമുണ്ടെങ്കിൽ അക്കാര്യം ഉന്നത തലത്തിൽ ശ്രദ്ധയിൽപ്പെടുത്തിപരിഹരിക്കുന്നതിനുള്ള നിർദ്ദേശം എന്നിവയിലെല്ലാം സമയബന്ധിതമായി ഫയൽ തീർപ്പ കൽപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളാണ്. കൂടാതെ സെക്രട്ടേറിയറ്റിൽ മുഴുവൻ ഫയലുകളുടെ നീക്കവും ഇ-ഓഫീസ് മുഖാന്തിരം നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ ഫയൽ നീക്കത്തിലുണ്ടാകുന്ന കാലതാമസം ഗണ്യമായി കുറയ്ക്കുവാനും സാധിക്കുന്നുണ്ട്. |
| (ബി) | നിലവിലുള്ള ഭരണതല തട്ടുകൾ ലഘൂകരിച്ച് പൊതുജനങ്ങൾക്ക് ഏറ്റവും വേഗം സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | 07.06.2016-ൽ ഇക്കാര്യം ചർച്ച ചെയ്യുകയും ഈ വിഷയം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സമഗ്ര ഭരണ പരിഷ്കാരം നടപ്പാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | (സി) | സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സർക്കാരിന്റെ സേവനങ്ങൾ കൂടുതൽ വേഗത്തിലും കൃത്യതയോടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് മുൻനിർത്തിയുള്ള ഭരണനവീകരണം സർക്കാർ ലക്ഷ്യമിടുന്നതിന്റെ ഭാഗമായി 4-ാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചു പ്രവർത്തനം തുടർന്നു വരുന്നു. |

Deepa

സെക്ഷൻ ഓഫീസർ